STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.109/PR/SPMC/PHQ/2025 Date: 17.05.2025

## അച്ചടക്കവും നിശ്ചയദാർഢ്യവും ഉറപ്പാക്കാൻ യുവജനതയ്ക്കു സൈനിക പരിശീലനം നൽകണം: ഗവർണ്ണർ

അച്ചടക്കവും നിശ്ചയദാർഢ്യവും യുവജനതയിൽ കൊണ്ടുവരാൻ എല്ലാ യുവതീയുവാക്കൾക്കും സൈനിക പരിശീലനം നൽകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു.

ദേശാഭിമാനം ഏവർക്കും ഉണ്ടെങ്കിലും അതിനു ദിശാബോധവും അച്ചടക്കവും ഉണ്ടാകണമെങ്കിൽ ചിട്ടയായ പരിശീലനം അത്യാവശ്യമാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അത്തരത്തിൽ ഒരു മാതൃകാ പദ്ധതിയാണെന്നും അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരം മാർ ഇവാനിയോസ് വിദ്യാനഗറിലെ സർവോദയ വിദ്യാലയത്തിൽ നടന്ന ഒരാഴ്ച്ച നീണ്ട സ്റ്റുഡന്റ് പോലീസ് കേഡറ്റ് മധ്യവേനലവധി സഹവാസ ക്യാമ്പിന്റെ സമാപനത്തോടനുബന്ധിച്ചുള്ള കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിൽ സല്യൂട്ട് സ്വീകരിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്ര സംസ്ഥാന സർക്കാർ സർവീസുകളിലേക്ക് ഉദ്യോഗത്തിനായി വരുന്നവർക്ക് സൈനികമാതൃകയിൽ രണ്ടു വർഷമെങ്കിലും പരിശീലനം ലഭിക്കുന്നത് ഉചിതമെന്നും അദ്ദേഹം പറഞ്ഞു. എസ്.പി.സി കേഡറ്റുകളുടെ അച്ചടക്കവും നിശ്ചയദാർഢ്യവും എവിടെയും അവരെ ശ്രദ്ധിക്കപ്പെടുന്നവരാക്കുമെന്നും അദ്ദേഹം നിരീക്ഷിച്ചു.

ഇന്നു നടന്ന എസ്.പി.സി കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിനെ നയിച്ചത് കണ്ണൂർ സിറ്റി മട്ടന്നൂർ എച്ച്.എസ്.എസിലെ സ്വാന്തന സി യാണ്. കൊല്ലം റൂറൽ പൂത്തൂർ ജി.എച്ച്.എസ്.എസിലെ കൗശിക് ഡി. കെ ആയിരുന്നു സെക്കന്റ് ഇൻ കമാൻഡ്. സഹവാസ ക്യാമ്പിൽ നിന്നും മികച്ച കേഡറ്റുകളായി തിരഞ്ഞെടുത്തതും ഇവരെ തന്നെയായിരുന്നു.

പരേഡിലെ മികച്ച പ്ലാട്ടൂൺ ആയി തിരഞ്ഞെടുക്കപ്പെട്ടത് കൊല്ലം സിറ്റി ചിറക്കര ജി.എച്ച്.എസ്.എസിലെ നീരജ എസ് ആർ ജിത്ത് നയിച്ച നാലാമത്തെ പ്ലാട്ടൂണിനെയായിരുന്നു. സഹവാസ ക്യാമ്പിൽ മികച്ച പ്രകടനം കാഴ്ച്ചവെച്ച ജില്ലകൾക്കുള്ള പുരസ്കാരവും വിതരണം ചെയ്തു. ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് കാസറഗോഡ് ജില്ലയാണ്. രണ്ടാം സ്ഥാനം കൊല്ലം സിറ്റിയും മൂന്നാം സ്ഥാനം കണ്ണൂർ സിറ്റിയും കരസ്ഥമാക്കി. വിജയികൾക്ക് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ട്രോഫികൾ സമ്മാനിച്ചു.

സർവോദയ വിദ്യാലയ ഗ്രൗണ്ടിൽ നടന്ന എസ്.പി.സി കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിൽ ക്രമസമാധാന വിഭാഗം എ.ഡി.ജി.പി എച്ച്. വെങ്കിടേഷ്, ഇന്റലിജൻസ് വിഭാഗം എ.ഡി.ജി.പി പി. വിജയൻ, ഇന്റലിജൻസ് വിഭാഗം ഐ.ജി ജി സ്പർജൻ കുമാർ, തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജിയും എസ്.പി.സി സ്റ്റേറ്റ് നോഡൽ ഓഫീസറുമായ എസ് അജിത ബീഗം, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ തോംസൺ ജോസ്, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

***************************